## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4535 18.05.2017- ൽ മറുപടിക്ക്**

**"സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം"**

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്
,, വി. കെ. സി. മമ്മത് കോയ
,, കെ. ആൻസലൻ
,, ആന്റണി ജോൺ

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മറ്റ് വ്യവസായ മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ വളർച്ചാനിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ മേഖലയിലാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; | ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറുടെ മേൽനോട്ടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രധാന പശ്ചാത്തല സൗകര്യമായ വ്യവസായ ഭൂമി സംരംഭകർക്ക് അനുവദിക്കുന്നതിനായി വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ വികസന ഏരിയ/പ്ലോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സ്ഥല ദൗർലഭ്യം പരിഹരിക്കുകയെന്ന ഉദ്ദേശത്തോടെ പ്രധാനപ്പെട്ട വ്യവസായ മേഖലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് ആവശ്യാനുസരണം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| സി) | ഇത്തരം വ്യവസായങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അവയുടെ നിലവാര നിർണ്ണയം, യോഗ്യതാ നിർണ്ണയം എന്നിവ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് | സി) | നിലവിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള കെ-ബിപ്പിൽ (കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രോമോഷൻ), ഭക്ഷ്യ വ്യവസായത്തിൽ ഹസാർഡ് അനലൈസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ്(HACCP) സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ HACCP സർട്ടിഫിക്കേഷൻ (NCHC) സ്ഥാപിച്ചിട്ടുണ്ട്.<br>ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തു |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | ന്നതിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്(BIS), ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (FSSAI) തുടങ്ങിയ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സംരംഭകരെ ഇത്തരം ഏജൻസികളിൽ നിന്നും ഗുണമേന്മ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ ബോധ്യപ്പെടുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**